# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3900 — 12.12.2018 ൽ മറുപടിക്ക്

## സിവിൽ തർക്കങ്ങളിൽ പോലീസ് ഇടപെടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പോലീസ് പീഡനപരാതികൾ വർദ്ധിച്ചു വരുന്നതായി ഹൈക്കോടതി ഡിവിഷൻ ബഞ്ച് അഭിപ്രായപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സിവിൽ തർക്കങ്ങളിൽ പോലീസ് ഇടപെടരുതെന്ന് വ്യക്തമാക്കി പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത സർക്കുലർ നിലനില്ക്കുമ്പോൾ തൊടുപുഴ സർക്കിൾ ഇൻസ്പെക്ടർ എൻ. ജി. ശ്രീമോൻ, സബ് ഇൻസ്പെക്ടർ അജയൻ എന്നിവർ സിവിൽ തർക്കത്തിൽ ഇടപെട്ട് കക്ഷികളെ മർദ്ദിച്ചതായി കോടതി കണ്ടെത്തിയിട്ടുണ്ടോ;<br>(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ? | (സി) & (ഡി) തൊടുപുഴ സർക്കിൾ ഇൻസ്പെക്ടർ എൻ. ജി. ശ്രീമോൻ, സബ് ഇൻസ്പെക്ടർ അജയൻ എന്നിവർ സിവിൽ തർക്കത്തിൽ ഇടപെട്ട് കക്ഷികളെ മർദ്ദിച്ചതായി കോടതി കണ്ടെത്തിയിട്ടില്ല. എന്നാൽ ബഹു.കേരളാ ഹൈക്കോടതിയുടെ റിട്ട് പെറ്റീഷൻ നം.28841/2018 – ലെ ഉത്തരവിൽ തൊടുപുഴ പോലീസ് സർക്കിൾ ഇൻസ്പെക്ടറായിരുന്ന എൻ. ജി. ശ്രീമോൻ സിവിൽ തർക്കത്തിൽ ഇടപെട്ട് ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു എന്ന് പരാമർശിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വാച്യാന്വേഷണത്തിന് ഉത്തരവായിട്ടുള്ളതും തൊടുപുഴ പോലീസ് ഇൻസ്പെക്ടർ സ്ഥാനത്തുനിന്നും കോട്ടയം ക്രൈംബ്രാഞ്ചിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുള്ളതുമാണ്.<br>തുടർന്ന് പ്രസ്തുത കേസിൽ ബഹു.ഹൈക്കോടതി ശ്രീ.എച്ച്.വെങ്കിടേഷ് ഐ.പി.എസ് (ഐ.ജി.പി, വിജിലൻസ്)-നോട് പോലീസ് ഇൻസ്പെക്ടർ എൻ. ജി. ശ്രീമോനെതിരെ KPDIP & A Rules 1958 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ 05.12.2018 ൽ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ